**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 542** **08-10-2024 - ൽ മറുപടിയ്ക്ക്**

**ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനകൾ എത്രയെണ്ണമാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത പരിശോധനയിലൂടെ കണ്ടെത്തിയ നികുതി വെട്ടിപ്പ് എത്രയാണെന്നും ഇതിലൂടെ ജില്ല തിരിച്ച് നേടിയെടുത്ത അഡീഷണൽ ഡിമാന്റ് കളക്ഷൻ എത്രയാണെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനയുടെയും നികുതി വെട്ടിപ്പ് നടത്തിയതായി കണ്ടെത്തിയ തുകയുടെയും വിശദാംശം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു.<br><br>2017-നുശേഷം നികുതി വകുപ്പ് 112 ബാർ ഹോട്ടലുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. ഇപ്രകാരം നടത്തിയ പരിശോധനകളിലൂടെ ലഭിച്ച വസ്തുതകൾ വച്ച് സംസ്ഥാനത്തെ 66 ബാർ ഹോട്ടലുകളിൽ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല, അഡീഷണൽ ഡിമാൻഡ്, കളക്ഷൻ എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു. |
| (ബി) | 2017 -18 മുതൽ 2023- 24 വരെ സംസ്ഥാന നികുതി വകുപ്പ് ബാർഹോട്ടലുകളുടെ കണക്കുകൾ പരിശോധിച്ച് പൂർത്തിയാക്കേണ്ടിയിരുന്ന നികുതി നിർണ്ണയങ്ങൾ എത്രയാണ്; ഇതിൽ പൂർത്തീകരിച്ചവ എത്രയെണ്ണമാണ്; ഇനി പൂർത്തീകരിക്കാനുള്ളത് എത്ര; പൂർത്തീകരിച്ചവയിൽ നിന്നും എത്ര രൂപ അഡീഷണൽ ഡിമാന്റ് കളക്ട് ചെയ്തു; ജില്ല തിരിച്ച് ക്രോഡീകരിച്ച കണക്ക് ലഭ്യമാക്കാമോ; | (ബി) | 2023-24 വർഷത്തെ റിട്ടേൺ സമർപ്പിച്ച ബാറുകളുടെ നികുതി നിർണ്ണയം 31.10.2024-നു ശേഷമേ ആരംഭിക്കുകയുള്ളൂ. 31.10.2024 വരെയുള്ള കണക്കുകൾ പ്രകാരം 2017-18 മുതൽ 2023-24 സാമ്പത്തിക വർഷം വരെ സംസ്ഥാനത്ത് ബാർ ഹോട്ടലുകളിൽ കേരള പൊതു വിൽപന നികുതി നിയമം, 1963 പ്രകാരം നികുതി നിർണ്ണയം സംബന്ധിച്ച കണക്കുകൾ അനുബന്ധമായി (അനുബന്ധം-3) ചേർക്കുന്നു.<br><br>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന കെ.ജി.എസ്.ടി. നിയമത്തിനു കീഴിൽ സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ നിന്നും 2023-24 സാമ്പത്തിക വർഷം 31.10.2024 വരെ ഉള്ള കുടിശ്ശിക ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം 564.22 കോടി രൂപയാണ്. ആയതിൽ 116.94 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികളിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ടിട്ടുള്ളത് 334.76 കോടി രൂപയാണ്. 44.64 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 67.88 കോടി രൂപ മറ്റുനടപടികളിൽ (റെമിഷൻ ഉൾപ്പെടെ) ഉൾപ്പെട്ടിട്ടുള്ളതുമാണ്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി (അനുബന്ധം-4) ചേർക്കുന്നു. |
| (സി) | ബാർ ഹോട്ടലുകളിലെ വാർഷിക പരിശോധനകൾ വേണ്ടെന്ന് വെച്ച് കേരളീയം, നവകേരള സദസ്സ് പോലുള്ള പരിപാടികൾക്ക് നികുതി വകുപ്പ് ഉദ്യോഗസ്ഥരെ കൊണ്ട് വ്യാപക പണപ്പിരിവ് നടത്തിയെന്ന ആക്ഷേപം ശരിയാണോ; ആണെങ്കിൽ ഈ പിരിച്ചെടുത്ത തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; 2024 - 25 വർഷം സംസ്ഥാനത്ത് എത്ര ബാർഹോട്ടലുകളിൽ പരിശോധന നടത്തി; ആ പരിശോധനയിൽ എത്ര നികുതി വെട്ടിപ്പ് കണ്ടെത്തിയെന്നും ആ തുകയുടെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ? | (സി) | ശരിയല്ല. ഇത്തരത്തിൽ പണം പിരിച്ചിട്ടില്ലാത്തതിനാൽ ജില്ല തിരിച്ചുള്ള കണക്ക നൽകാൻ സാധിക്കില്ല.<br><br>2024-25 വർഷം തിരുവനന്തപുരം ജില്ലയിൽ 3 ബാർ ഹോട്ടലുകളിൽ പരിശോധനകൾ നടത്തുകയും 594.46 ലക്ഷം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

**സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനയുടെയും നികുതി വെട്ടിപ്പ് നടത്തിയതായി കണ്ടെത്തിയ തുകയുടെയും വിശദാംശം**

| ജില്ല | പരിശോധനകളുടെ എണ്ണം | നികുതി വെട്ടിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 9 | 658.52 |
| കൊല്ലം | 10 | 329.51 |
| പത്തനംതിട്ട | 5 | 37.84 |
| ആലപ്പുഴ | 3 | 102.31 |
| കോട്ടയം | 10 | 103.25 |
| ഇടുക്കി | 13 | 248.56 |
| എറണാകുളം | 25 | 291.29 |
| തൃശ്ശൂർ | 8 | 104.23 |
| പാലക്കാട് | 7 | 295.46 |
| കോഴിക്കോട് | 9 | 156.44 |
| മലപ്പുറം | 2 | 12.93 |
| വയനാട് | 2 | 12.23 |
| കണ്ണൂർ | 7 | 38.53 |
| കാസർഗോഡ് | 2 | 8.41 |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

**ജില്ല, അഡീഷണൽ ഡിമാൻഡ്, കളക്ഷൻ എന്നിവ തിരിച്ചുള്ള കണക്ക്**

| ജില്ല | അഡീഷണൽ ഡിമാൻഡ് (In Rs.) | കളക്ഷൻ (In Rs.) |
|---|---:|---:|
| തിരുവനന്തപുരം | 16,94,159.00 | 0.00 |
| കൊല്ലം | 40,06,982.00 | 11,57,813.00 |
| പത്തനംതിട്ട | 23,22,970.00 | 23,22,970.00 |
| ആലപ്പുഴ | 1,01,09,013.00 | 0.00 |
| കോട്ടയം | 28,53,421.00 | 25,89,444.00 |
| ഇടുക്കി | 67,28,575.00 | 13,92,240.00 |
| എറണാകുളം | 1,33,75,080.63 | 33,88,348.00 |
| തൃശ്ശൂർ | 32,42,637.00 | 6,90,825.00 |
| പാലക്കാട് | 53,000.00 | 53,000.00 |
| മലപ്പുറം | 4,93,000.00 | 4,93,000.00 |
| കോഴിക്കോട് | 74,58,325.00 | 27,94,479.00 |
| വയനാട് | 2,81,595.00 | 2,81,595.00 |
| കണ്ണൂർ | 52,93,852.00 | 11,87,981.00 |
| കാസർഗോഡ് | 86,354.00 | 86,354.00 |
| **ആകെ** | **5,79,98,963.63** | **1,64,38,049.00** |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-3**

2017-18 മുതൽ 2023-24 സാമ്പത്തിക വർഷം വരെ സംസ്ഥാനത്ത് ബാർ ഹോട്ടലുകളിൽ കേരള പൊതു വിൽപന നികുതി നിയമം, 1963 പ്രകാരമുള്ള നികുതി നിർണ്ണയം സംബന്ധിച്ച കണക്കുകൾ

| സാമ്പത്തിക വർഷം | ബാറുകളുടെ നികുതി നിർണ്ണയം പൂർത്തീകരിച്ചത് | ബാറുകളുടെ നികുതി നിർണ്ണയം പൂർത്തീകരിക്കാനുള്ളത് |
|---|---|---|
| 2017-18 | 759 | 0 |
| 2018-19 | 788 | 0 |
| 2019-20 | 834 | 3 |
| 2020-21 | 839 | 9 |
| 2021-22 | 719 | 142 |
| 2022-23 | 443 | 439 |
| 2023-24 | 99 | 813 |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-4

നികുതി നിർണ്ണയം പൂർത്തീകരിച്ച ബാറ്റുകളിൽ നിന്നും കളക്ട് ചെയ്യ അഡീഷണൽ ഡിമാൻഡ്

| ജില്ല | കുടിശ്ശിക 31-10-2024 വരെ (കോടി രൂപ) | കളക്ഷൻ (കോടി രൂപ) | സ്റ്റേ (കോടി രൂപ) | റവന്യൂ റിക്കവറി (കോടി രൂപ) | മറ്റ് നടപടികൾ (റെമിഷൻ ഉൾപ്പെടെ) (കോടി രൂപ) |
|---|---|---|---|---|---|
| തിരുവനന്തപുരം | 205.19 | 12.14 | 3.33 | 189.72 | 0 |
| കൊല്ലം | 64.11 | 5.3 | 3.18 | 44.22 | 11.41 |
| പത്തനംതിട്ട | 9.59 | 3.09 | 0 | 0.7 | 5.8 |
| ആലപ്പുഴ | 28.54 | 2.59 | 5.4 | 6.94 | 13.61 |
| കോട്ടയം | 13.88 | 2.86 | 1.5 | 5.01 | 4.51 |
| ഇടുക്കി | 6.04 | 0.01 | 2.41 | 0.49 | 3.13 |
| എറണാകുളം | 44.11 | 10.1 | 4.81 | 28.12 | 1.08 |
| ആലുവ | 28.84 | 6.91 | 0.18 | 7.86 | 13.89 |
| തൃശ്ശൂർ | 27.07 | 2.15 | 11.35 | 10.46 | 3.11 |
| പാലക്കാട് | 83.58 | 68.02 | 0.41 | 6.64 | 8.51 |
| മലപ്പുറം | 6.61 | 1.99 | 4.03 | 0 | 0.59 |
| കോഴിക്കോട് | 19.49 | 1.33 | 5.74 | 10.86 | 1.56 |
| വയനാട് | 8.78 | 0.32 | 0 | 8.23 | 0.23 |
| കണ്ണൂർ | 14.61 | 0.13 | 1.36 | 12.8 | 0.32 |
| കാസർഗോഡ് | 3.78 | 0 | 0.94 | 2.71 | 0.13 |
| **ആകെ** | **564.22** | **116.94** | **44.64** | **334.76** | **67.88** |

**സെക്ഷൻ ഓഫീസർ**